# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1515 06.03.2018 ൽ മറുപടിയ്ക്ക്

### സ്വകാര്യ ബസ് സമരം

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അടുത്ത് നടന്ന സ്വകാര്യ ബസ് സമരത്തിന് കാരണമായി ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികളുടേതുൾപ്പെടെ ബസ് ചാർജ്ജ് വർദ്ധിപ്പിക്കുകയെന്നതായിരുന്നു പ്രധാന ആവശ്യം |
| (ബി) | ഏതെങ്കിലും ആവശ്യങ്ങൾ അംഗീകരിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ് ചാർജ്ജ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത സമരം മൂലം എത്ര ദിവസം സംസ്ഥാനത്ത് പ്രൈവറ്റ് ബസ് ഓടിയില്ല; ഈ ദിവസങ്ങളിൽ കെ.എസ്.ആർ.ടി. സി യുടെ പ്രതിദിന വരുമാനം എത്രയെന്ന് അറിയിക്കാമോ; | (സി) | 16.02.2018 മുതൽ 20.02.2018 വരെ സ്വകാര്യ ബസ്സുകൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സമരം നടത്തിയിരുന്നു. ഈ ദിവസങ്ങളിലെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം താഴെകൊടുക്കുന്നു.<br>തീയതി — വരുമാനം (രൂപയിൽ)<br>16/02/18 — 72,220,782<br>17/02/18 — 78,523,439<br>18/02/18 — 66,954,281<br>19/02/18 — 85,068,777<br>20/02/18 — 76,504,086 |
| (ഡി) | സാധാരണ ദിവസങ്ങളിൽ നിന്നും എത്ര ശതമാനം കൂടുതൽ തുക പ്രസ്തുത ദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | സാധാരണ ദിവസങ്ങളിൽ നിന്നും കൂടുതലായി പ്രസ്തുത ദിവസങ്ങളിൽ ലഭിച്ച തുകയുടെ ശതമാനം താഴെകൊടുക്കുന്നു.<br>തീയതി — ശതമാനം<br>16/02/18 — 15<br>17/02/18 — 25<br>18/02/18 — 7<br>19/02/18 — 36<br>20/02/18 — 22 |

| | | | |
|---|---|---|---|
| (ഇ) | സ്വകാര്യ ബസ്സുകൾ ഓടുന്നില്ലെങ്കിൽ കെ.എസ്.ആർ.ടി.സി-യ്ക്ക് പ്രതിദിനം വൻലാഭം ഉണ്ടാകുമെന്ന അവസ്ഥ ശരിയാണോ;വിശദമാക്കുമോ? | (ഇ) | സ്വകാര്യ ബസ്സുകളുടെ സമരം മൂലം ഉണ്ടായ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി സംസ്ഥാനത്തൊട്ടാകെ ആകെ 1711 അധിക സർവ്വീസുകൾ നടത്തിയതുവഴി കെ.എസ്.ആർ.ടി.സി.യ്ക്ക് ശരാശരി 1,33,93,507/- രൂപയുടെ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ